# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 103 — 03.12.2018-ൽ മറുപടിക്ക്

### മത്സ്യബന്ധന മേഖലയെ പ്രതിസന്ധിയിലാക്കുന്ന ഇന്ധനവില വർദ്ധനവ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ആർ. രാമചന്ദ്രൻ<br>,, ജി.എസ്.ജയലാൽ<br>,, കെ. രാജൻ<br>ശ്രീമതി സി.കെ. ആശ | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | അടിക്കടിയുണ്ടാകുന്ന ഇന്ധനവില വർദ്ധന മത്സ്യബന്ധനമേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. മത്സ്യബന്ധനത്തിന്റെ പ്രവർത്തന ചെലവ് ഇതുമൂലം വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. മത്സ്യ ലഭ്യത കുറവായ ഈ കാലഘട്ടത്തിൽ ഇന്ധനവില വർദ്ധന അവരുടെ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (ബി) | ഇന്ധനവില കൂടിയത് മൂലമുള്ള അധികച്ചെലവ് കാരണം പെട്രോളും മണ്ണെണ്ണയും ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിതം പ്രതിസന്ധിയിൽ ആയിട്ടുണ്ടോ; | (ബി) | വരുമാനക്കുറവിന് കാരണമായിട്ടുണ്ട്. മണ്ണെണ്ണയുടേയും പെട്രോളിന്റെയും വില വർദ്ധനവ് മത്സ്യത്തൊഴിലാളികളുടെ വരുമാനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലം മത്സ്യബന്ധന ദിവസങ്ങൾ കുറയുകയും ചെയ്ത സാഹചര്യത്തിൽ ഇന്ധന വില വർദ്ധനമൂലം മത്സ്യബന്ധന ചിലവിൽ വർദ്ധനവ് വന്നത് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (സി) | ഇക്കാരണത്താൽ ബോട്ടുകളുടെ പ്രവർത്തനം നിർത്തിവയ്ക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ ആയത് മത്സ്യസംസ്കരണ മേഖലയേയും കയറ്റുമതിയേയും സമ്പദ്ഘടനയേയും തന്നെ ബാധിക്കുന്ന പ്രശ്നമായി മാറുന്ന ഒന്നായതിനാൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) | ബോട്ടുകളുടെ പ്രവർത്തനം നിർത്തിവെയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ